"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഹോമിയോപ്പതി വകുപ്പ് - ജീവനക്കാര്യം - പാലക്കാട് ജില്ലാ ഹോമിയോ ആശുപത്രിയിലെ സാനിട്ടേഷൻ വർക്കർ ശ്രീമതി രമാദേവി ഇ.-യുടെ ഭർത്താവിന്റെ ചികിത്സയ്ക്കായി ചെലവായ തുക പ്രതിപൂരണം ചെയ്ത് നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആയുഷ് (സി) വകുപ്പ്**

സ.ഉ.(സാധാ) നം.232/2025/AYUSH          തീയതി, തിരുവനന്തപുരം, 29-04-2025

---

പരാമർശം:- (1) ശ്രീമതി രമാദേവി ഇ.-യുടെ 01/09/2022-ലെ അപേക്ഷ.

(2) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 29/07/2023-ലെ (എൽ.ഡിസ്)എം.ആർ.4-52906/2022/ആ.വ.ഡ. - നമ്പർ കത്ത്.

(3) ഹോമിയോപ്പതി വകുപ്പ് മേധാവിയുടെ 22/01/2024-ലെ DHTVM/1864/2022-A4 - നമ്പർ കത്ത്

**ഉത്തരവ്**

ഹോമിയോപ്പതി വകുപ്പിൽ പാലക്കാട് ജില്ലാ ഹോമിയോ ആശുപത്രിയിലെ സാനിട്ടേഷൻ വർക്കർ ശ്രീമതി രമാദേവി ഇ.-യുടെ ഭർത്താവിന്റെ ചികിത്സയ്ക്ക് 15.06.2022 മുതൽ 21.06.2022 വരെ തൃശ്ശൂർ ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചെലവായ 2,11,690/- രൂപ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് അനുവദിക്കണമെന്ന് കാണിച്ച് ടിയാൾ പരാമർശം-(1) പ്രകാരം സമർപ്പിച്ച അപേക്ഷയിന്മേൽ, പരാമർശം-(2) പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ അർഹത കണക്കാക്കി 1,33,594/- രൂപ ശിപാർശ ചെയ്തിട്ടുണ്ടെങ്കിലും, ടിയാൾ ചികിത്സതേടിയത് സ്വകാര്യ ആശുപത്രിയിലായതിനാൽ, അനുവദനീയമായ തുകയുടെ 80% കണക്കാക്കി അനുമതി ലഭ്യമാക്കണമെന്ന് പരാമർശം-(3) പ്രകാരം ഹോമിയോപ്പതി വകുപ്പ് മേധാവി സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഹോമിയോപ്പതി വകുപ്പ് മേധാവി പരാമർശം-(3) പ്രകാരം ലഭ്യമാക്കിയ രേഖകളുടേയും, വസ്തുതകളുടേയും വെളിച്ചത്തിൽ , പാലക്കാട് ജില്ലാ ഹോമിയോ ആശുപത്രിയിലെ സാനിട്ടേഷൻ വർക്കർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി രമാദേവി ഇ.-യുടെ ഭർത്താവിന്റെ ചികിത്സയ്ക്ക് 15.06.2022 മുതൽ 21.06.2022 വരെ തൃശ്ശൂർ ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചെലവായ തുകയിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ അനുവദനീയത അറിയിച്ച തുകയായ 1,33,594/- രൂപയുടെ 80 ശതമാനമായ 1,06,875/- രൂപ (ഒരു ലക്ഷത്തി ആറായിരത്തി എണ്ണൂറ്റി എഴുപത്തിയഞ്ച് രൂപ മാത്രം) പ്രതിപൂരണം ചെയ്തു നൽകുന്നതിന് അനുമതി നൽകി

ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**SAMEER KUMAR O J**

ഡെപ്യൂട്ടി സെക്രട്ടറി

1. ഹോമിയോപ്പതി വകുപ്പ് മേധാവി, തിരുവനന്തപുരം. (ബില്ലുകളും, അനുബന്ധരേഖകളും സഹിതം)
2. ശ്രീമതി രമാദേവി ഇ., സാനിട്ടേഷൻ വർക്കാർ, ജില്ലാ ഹോമിയോ ആശുപത്രി, പാലക്കാട് (ഹോമിയോപ്പതി വകുപ്പ് മേധാവിയുടെ കാര്യാലയം മുഖാന്തിരം)
3. ജില്ലാ മെഡിക്കൽ ഓഫീസർ (ഹോമിയോ), പാലക്കാട്.
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
5. ആരോഗ്യ-കുടുംബക്ഷേമ (ജി) വകുപ്പ്. (14/11/2024-ലെ G2/1044/2024-Health - നമ്പർ കുറിപ്പ് പ്രകാരം)
6. ധനകാര്യ (ലോൺസ്) വകുപ്പ്. (05/03/2025-ലെ 2991198 : LNS-L8/512/2024-FIN - നമ്പർ കുറിപ്പ് പ്രകാരം)
7. വിവര-പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്.
8. കരുതൽ ശേഖരം/ഓഫീസ് പകർപ്പ്. (AYU-C2/28/2024-AYUSH)

ഉത്തരവിൻ പ്രകാരം,

Signed by
Pradeep R S
Date: 29-04-2025 16:51:05

സെക്ഷൻ ഓഫീസർ.